**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **01-09-2022 - ൽ മറുപടിയ്ക്ക്**

**എരുമേലി പോലീസ് ഡിറ്റാച്ച്മെന്റ് ക്യാമ്പിന്റെ സംരക്ഷണഭിത്തി നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിലുള്ള കേരള ആംഡ് പോലീസ് 5-ാം ബറ്റാലിയന്റെ ഡിറ്റാച്ച്മെന്റ് ക്യാമ്പ് കെട്ടിടത്തിന് സംരക്ഷണഭിത്തി നിർമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. പൂഞ്ഞാർ മണ്ഡലത്തിലെ ഏരുമേലിയിലുള്ള കേരള ആംഡ് പോലീസ് അഞ്ചാം ബറ്റാലിയൻ ഡിറ്റാച്ച്മെന്റ് ക്യാമ്പ് കെട്ടിടത്തിന്റെ സംരക്ഷണഭിത്തി അപകടാവസ്ഥയിലാണെന്നും ആയത് പരിഹരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും 17.05.2022 ൽ കോട്ടയം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമ്പിന്റെ 25 അടി ഉയരത്തിലുള്ള മൺതിട്ട തകർന്നത് മൂലം ക്യാമ്പ് കെട്ടിടത്തിനും സമീപത്തുള്ള വീടുകൾക്കും അപകട ഭീഷണിയുള്ളതിനാൽ ക്യാമ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് സംരക്ഷണഭിത്തി നിർമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനായി പ്രാഥമിക വിലയിരുത്തൽ പ്രകാരം 4.70 കോടി രൂപ ചെലവ് വരുമെന്നും മണ്ണ് പരിശോധന നടത്തി ഡിസൈൻ ലഭ്യമായാൽ മാത്രമേ യഥാർത്ഥ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ എന്നും കോട്ടയം പൊതുമരാമത്ത് വിഭാഗം 19.08.2022 തീയതിയിൽ കോട്ടയം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ള വിവരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ